# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 474 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി യുടെ ഫലമായി വിലക്കുറവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിന്റെ ഫലമായി സാധനങ്ങൾക്ക് ഉണ്ടാകേണ്ട വിലക്കുറവ് ഉപഭോക്താവിന് ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ) | ജി.എസ്.ടി നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti- Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ